**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 470** **23-02-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എസ്.പി.എൽ. കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹിക സുരക്ഷാ പെൻഷൻ വിതരണത്തിനായി 2018 ൽ സർക്കാർ രൂപീകരിച്ചിട്ടുള്ള കെ.എസ്.എസ്.പി.എൽ. എന്ന കമ്പനിയുടെ നിലവിലെ കടബാധ്യത എത്രയാണ്; വിശദവിവരങ്ങൾ നൽകാമോ; | (എ) | കെ.എസ്.എസ്.പി.എൽ -ന്റെ നിലവിലെ കട ബാധ്യത 10,823.49/- കോടി രൂപയാണ്. |
| (ബി) | പ്രസ്തുത കടബാധ്യത എപ്രകാരമാണ് വീട്ടാൻ കഴിയുന്നത് എന്ന് അറിയിക്കാമോ ; | (ബി) | 2013 ലെ കമ്പനീസ് ആക്റ്റ് പ്രകാരം പൊതുമേഖലാ സ്ഥാപനമായി രൂപീകരിച്ചിട്ടുള്ള കെ.എസ്.എസ്.പി.എൽ-ന് കടം എടുക്കുന്നതിന് ഓഹരി ഉടമകളുടെ പൊതുയോഗത്തിൽ വച്ചുള്ള അനുമതിയാണ് ആവശ്യമായി വരുന്നത്. കമ്പനിയുടെ ബാധ്യത, ബജറ്റിലൂടെ വകയിരുത്തുന്ന തുകയിലൂടെയും കമ്പനി സ്വന്തമായി കടമെടുക്കുന്ന തുകയിലൂടെയുമാണ് തീർക്കേണ്ടത് എന്ന് 26.06.2018 തീയതിയിലെ സ.ഉ.നം.(കൈ) 232/2018/ധന പ്രകാരവും കമ്പനിയുടെ M.O.A പ്രകാരവും വ്യക്തമാക്കിയിരിക്കുന്നു. |
| (സി) | സംസ്ഥാന നിയമസഭയെ അറിയിക്കാതെയും നിയമസഭയുടെ അനുമതി വാങ്ങാതെയും സാമ്പത്തിക ഇടപാടുകൾ നടത്തുന്നതായി പറയപ്പെടുന്ന കെ.എസ്.എസ്.പി.എൽ. എന്ന കമ്പനിയുടെ കടബാധ്യത എപ്രകാരം സർക്കാർ മുഴുവനായും വീട്ടും എന്നാണ് കമ്പനി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | 2013 ലെ കമ്പനീസ് ആക്റ്റ് പ്രകാരം പൊതുമേഖലാ സ്ഥാപനമായി രൂപീകരിച്ചിട്ടുള്ള കെ.എസ്.എസ്.പി.എൽ-ന് കടം എടുക്കുന്നതിന് ഓഹരി ഉടമകളുടെ പൊതുയോഗത്തിൽ വച്ചുള്ള അനുമതിയാണ് ആവശ്യമായി വരുന്നത്. കമ്പനിയുടെ ബാധ്യത, ബജറ്റിലൂടെ വകയിരുത്തുന്ന തുകയിലൂടെയും കമ്പനി സ്വന്തമായി കടമെടുക്കുന്ന തുകയിലൂടെയുമാണ് തീർക്കേണ്ടത് എന്ന് 26.06.2018 തീയതിയിലെ സ.ഉ.നം.(കൈ) 232/2018/ധന പ്രകാരവും കമ്പനിയുടെ M.O.A പ്രകാരവും വ്യക്തമാക്കിയിരിക്കുന്നു. |
| (ഡി) | കെ.എസ്.എസ്.പി.എൽ. എന്ന കമ്പനിക്ക് കേന്ദ്ര സർക്കാരിൽ നിന്നും എൻ.എസ്.എ.പി. പദ്ധതി പ്രകാരം 2020-21 വർഷം എത്ര രൂപ വിഹിതമായി | (ഡി) | കെ.എസ്.എസ്.പി.എൽ-ന് കേന്ദ്ര സർക്കാരിൽ നിന്ന് നേരിട്ട് ധനസഹായം ലഭിക്കുന്നില്ല. NSAP ധനസഹായം ചേർന്ന തുകയാണ് ബജറ്റ് |

| | | | |
|---|---|---|---|
| | ലഭിച്ചു; ആയതിൽ എത്ര രൂപ പെൻഷൻ വിതരണത്തിനായി ചെലവഴിച്ചു എന്നറിയിക്കാമോ; | | വിഹിതമായിട്ട് പെൻഷൻ വിതരണത്തിന് വിനിയോഗിക്കുന്നത്. |
| (ഇ) | കെ.എസ്.എസ്.പി.എൽ. എന്ന കമ്പനിയുടെ ഉദ്യോഗസ്ഥ സംവിധാനങ്ങളെക്കുറിച്ചുള്ള വിശദ വിവരം (നിയമനരീതിയും ശമ്പളവും ആനുകൂല്യങ്ങളും ഉൾപ്പെടെ) നൽകാമോ? | (ഇ) | കെ.എസ്.എസ്.പി.എൽ -ന്റെ ഉദ്യോഗസ്ഥ സംവിധാനം ചുവടെ കാണും പ്രകാരമാണ്. 1. അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി - ധനകാര്യ വകുപ്പ് MD യുടെ ചുമതല വഹിക്കുന്നു. 2. ധനകാര്യ വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലുള്ള B.com ബിരുദമുള്ള ഒരു ഉദ്യോഗസ്ഥയെ (ശമ്പള സ്കെയിൽ 59300-120900) കമ്പനിയുടെ Manager (Finance & Accounts) ആയും ധനകാര്യ വകുപ്പിലെ ഒരു അസിസ്റ്റന്റിനെ (ശമ്പള സ്കെയിൽ 45600- 95600) അസിസ്റ്റന്റ് തസ്തികയിലും അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നു. 3. Technical Assistant തസ്തികയിൽ ഒരാളെ കരാർ വ്യവസ്ഥയിൽ 40,000/- രൂപ പ്രതിമാസ പ്രതിഫലത്തിൽ നിയമിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ